ഹരിജനോദ്ധാരണത്തിനു മാറിവച്ച തുക

47 [54] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തികവർഷത്തിൽ ഹരിജനോദ്ധാരണത്തിനു ചെലവാക്കാൻ മാറിവച്ച തുക എത്ര ;

(ബി) പ്രസ്തുത വർഷത്തിൽ ചെലവായ തുക എത്ര ?

ഉത്തരം

(എ) 5754.974 ലക്ഷം രൂപ.

(ബി) കിട്ടിയിടത്തോളം കണക്കുപ്രകാരം 31-1-1986-വരെ ചെലവായത് 2764.027 ലക്ഷം രൂപ.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം

48 [55] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ച ജീവിത നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്നു വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 3-1-1985-ലെ സർക്കാർ ഉത്തരവ് (എം. എസ്) നം. 2/85/ഹരി. ക്ഷേ. വ. പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ 1-12-1984 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ടി ആനുകൂല്യങ്ങൾ വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഹരിജന വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ

49 [56] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ സംസ്ഥാനത്തെ കോളേജുകളിൽ ഹരിജൻ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ തുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഹരിജൻ വിദ്യാർത്ഥികൾക്ക ഹോസ്റ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോളേജുകളിൽ ഹരിജൻ വിദ്യാർത്ഥികൾക്കായി പ്രത്യേകം ഹോസ്റ്റൽ നടത്താറില്ല. കോളേജിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്കുവേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കോസ്മോ പൊളിറ്റൻ ഹോസ്റ്റലുകൾ നടത്തുന്നുണ്ട്. കോട്ടയത്ത് നാട്ടകത്ത് കോളേജ് വിദ്യാർത്ഥിനികൾക്കായി 1-6-1985-ൽ ഒരു ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മൂന്നാർ, കുറിച്ചി, ബഡിയടുക്ക, മാവൂർ, കുമാരനല്ലൂർ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വെൽഫെയർ ഹോസ്റ്റലുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്.

ഏലത്തൂർ ഹരിജൻ ഹോസ്റ്റലിന്റെ കിഴക്കേ ഇടവഴി

50 [57] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽപ്പെട്ട ഏലത്തൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഹരിജൻ ഹോസ്റ്റലിന്റെ കിഴക്കേ അതിർത്തിയിൽ ഇന്ന് നിലവിലുള്ള ഇടവഴി വീതികൂട്ടി റോഡ് പണിയുന്നതിന് ഹരിജൻ ഹോസ്റ്റലിന്റെ കുറച്ചുസ്ഥലം വിട്ടുകൊടുക്കണമെന്ന നാട്ടുകാരുടെ ആവശ്യത്തിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

റോഡ് പണിയുന്നതിനുവേണ്ടി രണ്ടുമീറ്റർ വീതിയിൽ സ്ഥലം പഞ്ചായത്തിനു വിട്ടുകൊടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശുപാർശിത സമുദായങ്ങൾക്കായി വികസന കോർപ്പറേഷൻ

51 [58] ശ്രീ. ഉമ്മൻ ചാണ്ടി :
,, ബന്നിബഹനാൻ :
,, കെ. സി. ജോസഫ് :
,, രമേശ് ചെന്നിത്തല :
,, മണിമംഗലത്തു കുട്ട്യാലി :
,, എം. എം. ഹസ്സൻ :
,, എ. സി. ജോസ് :
,, കെ. കെ. തോമസ് :
,, തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്കും ശുപാർശിത സമുദായങ്ങൾക്കുമായി കോട്ടയത്തു സ്ഥാപിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly